(ബി) ഇത് സംബന്ധിച്ച് അവസാനം നിർദ്ദേശം പുറപ്പെടുവിച്ചത് 30-5-2002-ലെ 5913/ഉപദേശ സി3/02/ഉഭപവ സർക്കുലർ പ്രകാരമാണ്.

(സി) പകർപ്പ് ഉള്ളടക്കം ചെയ്യുന്നു†.

(ഡി) 30-6-1975-ലെ 134160/എസ്.ഡി3/74/പി.ഡി.നമ്പർ സർക്കുലറും 14-10-1988-ലെ 14958/ഉപദേശ സി.3/88/ഉഭപവ സർക്കുലറും ഇതിൽ സൂചിപ്പിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു†.

(ഇ) ഇത് സംബന്ധിച്ച തത്വങ്ങളും കീഴ് നടപ്പുകളും കർശനമായി പാലിക്കേണ്ടതാണെന്ന് എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(എഫ്) മുഖ്യമന്ത്രി ഉൾപ്പെടെ എല്ലാ മന്ത്രിമാരുടെയും ഓഫീസുകളിലെ ജീവനക്കാർക്ക് ഈ നിർദ്ദേശങ്ങൾ ബാധകമാണ്.

(ജി) ഇത് സംബന്ധിച്ച തത്വങ്ങളും കീഴ് നടപ്പുകളും കർശനമായി പാലിക്കേണ്ടതാണെന്ന് എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(എച്ച്) ചോദ്യം ഉദിക്കുന്നില്ല.

അസംബ്ലി-ലോക്സഭാ മണ്ഡലങ്ങളുടെ പുനർനിർണ്ണയം

5 (2956) ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അസംബ്ലി-ലോക്സഭാ മണ്ഡലങ്ങളുടെ പുനർനിർണ്ണയം ഏറ്റവും ഒടുവിൽ നടന്നത് ഏതുവർഷമാണെന്ന് അറിയിക്കുമോ ;

(ബി) പുതുക്കിയ നിർദ്ദേശപ്രകാരം കേരളത്തിലെ അസംബ്ലി മണ്ഡലങ്ങളുടെ എണ്ണം എത്രയെന്ന് അറിയിക്കുമോ ;

(സി) സ്ത്രീ പ്രാതിനിധ്യം അസംബ്ലി മണ്ഡങ്ങളിലേക്കും ബാധകമാക്കുന്നതു സംബന്ധിച്ച് തീരുമാനം എടുത്തിട്ടുണ്ടോ ;

(ഡി) പട്ടികജാതി-പട്ടികവർഗ്ഗ മണ്ഡലങ്ങളുടെ എണ്ണത്തിലും മണ്ഡലങ്ങളിലും മാറ്റമുണ്ടാകുമോ എന്ന് അറിയിക്കുമോ ;

(ഇ) സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ പുതിയ മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ ;

(എഫ്) ഇപ്പോൾ നടന്നുവരുന്ന പോളിംഗ് ബൂത്തുകളുടെ പുനഃസംഘടനയുടെ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ ;

(ജി) ഇതിന്റെ കരട് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തീയതി അറിയിക്കാമോ ?

ഉത്തരം

(എ) 1976-ൽ

---

† അനുബന്ധം VI, VI എ

LIBRARY ARCHIVES Kerala Legislative Assembly

(ബി) 140

(സി) ഇല്ല.

(ഡി) അന്തിമ തീരുമാനം ആയിട്ടില്ല.

(ഇ) അസംബ്ലി-ലോക്സഭാ മണ്ഡലങ്ങളുടെ പുനർനിർണ്ണയം സംബന്ധിച്ച് പുതിയ മാനദണ്ഡങ്ങൾ രൂപീകരിച്ചിട്ടില്ല.

(എഫ്) 1. നിലവിലുള്ള പോളിംഗ് ബൂത്തുകളിൽ വോട്ടർമാർക്കുള്ള അസൗകര്യം കുറയ്ക്കുന്നതിന് പോളിംഗ് സ്റ്റേഷൻ അതിർത്തി പുനഃക്രമീകരിക്കുക.

2. ഓരോ പോളിംഗ് സ്റ്റേഷനിലും പരമാവധി 1500 വരെ വോട്ടർമാരെ ഉൾപ്പെടുത്തി പുനഃക്രമീകരിക്കുക.

3. വോട്ടിംഗ് യന്ത്രം ഉപയോഗിക്കുന്നതുമൂലവും ഓരോ പോളിംഗ് സ്റ്റേഷനുകളിലെ വോട്ടർമാരുടെ എണ്ണം വർദ്ധിക്കുന്നതു കണക്കിലെടുത്തും പോളിംഗ് ബൂത്തുകളുടെ എണ്ണം കുറയ്ക്കുക.

(ജി) കരട് പ്രസിദ്ധീകരണത്തിനുശേഷം ആഗസ്റ്റ് 11-ന് നിർദ്ദേശങ്ങൾ കമ്മീഷനിൽ നല്കേണ്ടതാണ്.

സ്വാതന്ത്ര്യസമര സേനാനികൾക്കുള്ള പെൻഷനും മറ്റാനുകൂല്യങ്ങളും

6 (*2957) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാതന്ത്ര്യസമര സേനാനി പെൻഷൻ തുക വർദ്ധിപ്പിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) സ്വാതന്ത്ര്യസമര സേനാനി പെൻഷൻ വാങ്ങുന്നവർക്ക് മെഡിക്കൽ റീം ഇംബേഴ്സ്മെന്റ് ആനുകൂല്യം നിലവിലുണ്ടോ ;

(സി) ഇല്ലെങ്കിൽ ഈ ആനുകൂല്യം ലഭ്യമാക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) സ്വാതന്ത്ര്യസമര സേനാനികളുടെ പെൻഷനോടൊപ്പം ക്ഷാമബത്ത ലഭ്യമാക്കുന്നുണ്ടോ ;

(ഇ) ഇല്ലെങ്കിൽ ക്ഷാമബത്ത അനുവദിക്കുവാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സ്വാതന്ത്ര്യസമര സേനാനി പെൻഷൻ തുക വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly